JD]

**വനിത ശിശുവികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ**
**(ഹാജർ : പ്രിയങ്ക ജി IAS)**

വിഷയം: വനിതാ ശിശുവികസന വകുപ്പ്- സൈക്കോസോഷ്യൽ പദ്ധതി- 'വർണ്ണക്കൂട്ടി'ലെ അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സ് നൽകുന്നത് - ആദ്യ രണ്ടു ക്വാർട്ടറിലെയ്ക്കുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം: 1) സ.ഉ,(സാധാ) നം. 239/2022 /വശിവിവ, തീയതി : 21/05/2022
2) വനിതാ ശിശു വികസന ഡയറക്ടറുടെ 27.06.2022 തീയതിയിലെ ഇതേ നം. ഉത്തരവ്

**ഉത്തരവ് നമ്പർ DWCD/1214/2022/ICDSA6 തീയതി.19.07.2022**

അങ്കണവാടികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളിലെ (വർണ്ണക്കൂട്ടിലെ) അംഗങ്ങൾക്ക് നാല് ക്വാർട്ടറുകളിലായി കാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ റിസോഴ്സ് പെഴ്സൻസിനെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസുകൾ നല്കുന്നതിലെയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതിയും ഫണ്ടും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഓരോ ക്വാർട്ടറിലും നൽകേണ്ട ബോധവൽക്കരണ ക്ലാസ്സുകളുടെ വിഷയങ്ങളും തുടർപ്രവർത്തനങ്ങളും സംബന്ധിച്ചും, ക്ലാസുകൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ സംബന്ധിച്ചും പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വർണ്ണക്കൂട്ടിലെ അംഗങ്ങൾക്ക് പരാമർശം (2) പ്രകാരം നൽകിയിട്ടുള്ള വിഷയങ്ങളിൽ റിസോഴ്സ് പെഴ്സൻസിനെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിലെയ്ക്ക് ആദ്യ രണ്ടു ക്വാർട്ടറിലെയ്ക്ക് ആവശ്യമായ തുക ജില്ല വനിതാ ശിശുവികസന ഓഫീസർമാർക്ക് ചുവടെ ചേർക്കുന്ന രീതിയിൽ തുക അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ICDS പ്രോജെക്റ്റുകളുടെ എണ്ണം | അങ്കണവാടികളുടെ എണ്ണം | ഒരു അങ്കണവാടിയ്ക്ക് അനുവദിക്കുന്ന തുക (Rs) | അനുവദിക്കുന്ന തുക (Rs) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 24 | 3061 | 500 | 15,30,500/- |
| 2 | കൊല്ലം | 21 | 2723 | 500 | 13,61,500/- |
| 3 | പത്തനംതിട്ട | 12 | 1389 | 500 | 6,94,500/- |
| 4 | ആലപ്പുഴ | 15 | 2150 | 500 | 10,75,000/- |
| 5 | കോട്ടയം | 15 | 2050 | 500 | 10,25,000/- |
| 6 | ഇടുക്കി | 13 | 1561 | 500 | 7,80,500/- |
| 7 | എറണാകുളം | 23 | 2858 | 500 | 14,29,000/- |
| 8 | തൃശ്ശൂർ | 23 | 3016 | 500 | 15,08,000/- |
| 9 | പാലക്കാട് | 21 | 2835 | 500 | 14,17,500/- |
| 10 | മലപ്പുറം | 29 | 3808 | 500 | 19,04,000/- |
| 11 | കോഴിക്കോട് | 21 | 2938 | 500 | 14,69,000/- |
| 12 | വയനാട് | 8 | 874 | 500 | 4,37,000/- |
| 13 | കണ്ണൂർ | 21 | 2504 | 500 | 12,52,000/- |

JD]

| | | | | | |
|---|---|---|---|---|---|
| 14 | കാസർഗോഡ് | 12 | 1348 | 500 | 6,74,000/- |
| | **ആകെ** | **258** | **33115** | **500** | **1,65,57,500/-** |

**(ഒരു കോടി അറുപത്തിയഞ്ചു ലക്ഷത്തി അൻപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം)**

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ടി തുക ഓരോ ICDS കളിലെയും അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായി അതാത് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് ഉത്തരവ് സഹിതം കൈമാറേണ്ടതും, ശിശുവികസന പദ്ധതി ഓഫീസർമാർ ടി തുക ബോധവൽക്കരണ ക്ലാസുകൾ നയിച്ച റിസോഴ്സ് പേഴ്സൻസിന് അനുവദിച്ച നൽകേണ്ടതുമാണ്.

തുക ചെലവഴിച്ചത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപ്പത്രം CDPO മാർ പ്രോഗ്രാം ഓഫീസർമാർ മുഖേന സമയബന്ധിതമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഇതിനാവശ്യമായ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68 (03)(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫിസർമാർക്കും

<u>പകർപ്പ്</u>

1)എല്ലാ ജില്ലാ പ്രോഗ്രാം ഓഫിസർമാർക്കും

2)എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

3)സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ

4)സൂപ്രണ്ട്, IT സെൽ

5) സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്